TB Movie Panel Weekly Review

**#moviepanel**

ജഗമേ തന്തിരം

Written By : Arjun Anand

റിലീസിന് വളരെ മുൻപ് തന്നെ ചർച്ച വിഷയം ആയതും ഏറെ പ്രതീക്ഷ നല്കിയതുമായ ഒരു ചിത്രമാണ് ധനുഷും യുവ സംവിധായകൻ കാർത്തിക് സുബ്ബരാജും ഒന്നിക്കുന്ന ജഗമേ തന്തിരം.. ഒരു മാസ്സ് മസാല ആക്ഷൻ എന്റർടൈനെർ എന്ന നിലയിൽ ആണ് "രകിട രകിട " എന്ന ഗാനത്തിന്റെ അകമ്പടിയോടു കൂടി പുറത്തു വന്ന ടീസറും ചിത്രത്തെ പ്രേക്ഷകരിലേക്ക് എത്തിച്ചത്...തീയേറ്റർ റിലീസ് ഉണ്ടാവില്ല എന്ന തീരുമാനം നൽകിയ നിരാശയിലും പ്രേക്ഷകന് പ്രതീക്ഷകൾ നൽകികൊണ്ട് 190 രാജ്യങ്ങളിലായി 17 ഭാഷകളിൽ ചിത്രം നെറ്ഫ്ലിക്സിലൂടെ ജൂൺ 18ന് റിലീസ് ചെയ്തിരിക്കുന്നു..

പ്രധാനമായും മൂന്ന് കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചാണ് ചിത്രം മുൻപോട്ട് പോകുന്നത്.. ആരെയും കൊല്ലാൻ പോലും മടിയില്ലാത്ത, മധുരയിലെ ഒരു ലോക്കൽ ഗുണ്ടയായ സുരുളിയും, ലണ്ടൻ നഗരത്തെ വിറപ്പിക്കുന്ന, വർഗീയ വാദി ആയ ഗ്യാങ്സ്റ്റർ പീറ്റർ സ്പ്രോട്ടും, പീറ്ററിന് ഭീഷണിയായി വളർന്നു വരുന്ന തമിഴ് വംശജൻ ആയ, അഭയാർത്ഥികൾക്ക് ആശ്രയമായ, ഗ്യാങ്സ്റ്റർ ശിവദാസും... മധുരയിൽ ലോക്കൽ വില്ലത്തരങ്ങളുമായി കഴിഞ്ഞിരുന്ന സുരുളി ഒരു പ്രത്യേക സാഹചര്യത്തിൽ ലണ്ടനിലേക്ക് പോകേണ്ടിവരികയും തുടർന്ന് അവിടെ നടക്കുന്ന സംഭവങ്ങളുമാണ് ചിത്രം പറയുന്നത്... വർഷങ്ങളോളം നീണ്ടു നിന്ന ശ്രീലങ്കൻ ആഭ്യന്തര യുദ്ധവും തുടർന്ന് ലണ്ടനിലേക്ക് പലായനം ചെയ്ത അഭയാർത്ഥിളുടെയും ജീവിതവും അവിടെ അഭയാർഥികളായി എത്തിപ്പെടുന്ന മറ്റു രാജ്യക്കാർ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും ഓക്കെ ആയി വളരെ ഗൗരവതരമായ രാഷ്ട്രീയ ചർച്ചയ്ക്കും ശ്രമിക്കുന്നുണ്ട് ചിത്രം...

ആരെയും കൂസാത്ത സുരുളി എന്ന തിന്മ നിറഞ്ഞ നായകനെ തന്റെ കംഫോർട് സോണിൽ നിന്നുകൊണ്ട് തന്റെ സ്വതസിദ്ധമായ ഭാവ ചലനങ്ങളിലൂടെ അനായാസം അവതരിപ്പിക്കുന്നുണ്ട് ധനുഷ്.. ഒരർത്ഥത്തിൽ ധനുഷിന്റെ ഒറ്റയാൾ പ്രകടനം ആണ് പലപ്പോഴും ചിത്രത്തിൽ കാണാൻ ആവുന്നത്... അതി ക്രൂരനും വർഗീയവാദിയും ആയ പീറ്റർ സ്പ്രോട്ടിനെ അവതരിപ്പിച്ചിരിക്കുത് ട്രോയിയിലൂടെയും ഗെയിം ഓഫ് ത്രോൺസിലൂടെയും ബ്രേവ് ഹെർട്ടിലൂടെയും ഓക്കെ ശ്രദ്ധേയനായ ജെയിംസ് കോസ്മ ആണ്.. വളരെ ഊർജസ്വലവും വിശ്വസനീയവും ആയ പ്രകടനം ആണ് തന്റെ 73-ന്നാം വയസ്സിൽ അദ്ദേഹം കാഴ്ചവച്ചിരിക്കുന്നത്... പ്രേക്ഷന് അനുകമ്പയും ഇഷ്ടവും ഓക്കെ

തോന്നുന്ന ശിവദാസിനെ അവതരിപ്പിച്ചിരിക്കുന്നത് മലയാളികളുടെ പ്രിയതാരം ജോജുവാണ്.. തമിഴ് ഉച്ചാരണത്തിൽ പലപ്പോഴും മലയാളം കലരുന്നുണ്ടെങ്കിലും തന്റെ സ്ക്രീൻ പ്രെസെൻസിലൂടെയും പ്രകടനത്തിലൂടെയും ശിവദാസിനെ മികച്ചക്കിയിട്ടുണ്ട് ജോജു... മറ്റൊരു പ്രധാന കഥാപാത്രം ഐശ്വര്യ അവതരിപ്പിച്ച അറ്റില ആണ്.. നിരാശ ജനകം ആയിരുന്നു ഐശ്വര്യയുടെ പ്രകടനം... ശ്രീലങ്കൻ തമിഴ് കലർന്ന സംഭാഷങ്ങൾ ഉച്ചരിക്കുമ്പോൾ നന്നായി കഷ്ടപ്പെടുന്നത് പലപ്പോഴും പ്രകടമാണ്.. അറ്റില തന്റെ പഴയകാല കഥകൾ പറയുന്ന സന്ദർഭത്തിൽ പ്രേക്ഷകന് ആ കഥാപാത്രത്തിനോട് തോന്നേണ്ട അനുകമ്പ നഷ്ടം ആവുന്നത് മലയാളച്ചുവയുള്ള കൃത്രിമത്വം നിറഞ്ഞ ഉച്ചാരണരീതി കൊണ്ടും കൂടിയാണ്.. വർഷങ്ങളായി അന്യ നാടുകളിൽ ഹോട്ടലുകളിൽ പാത്രം കഴുകി ജീവിക്കുന്ന മുരുഗേശൻ എന്ന കഥാപാത്രം പ്രേക്ഷകനെ സ്പർശിക്കുന്നുണ്ട്....

തന്റെ സിനിമകളിൽ എല്ലാം തനത് ശൈലി അവലംബിക്കുവാൻ കാർത്തിക് സുബ്ബരാജിന് കഴിയാറുണ്ട്.. ജഗമേ തന്തിരത്തിലും അത് കാണാൻ കഴിയുന്നുണ്ട്.. സുരുളിയെ പ്രേക്ഷകർക്കു പരിചയപ്പെടുത്തുന്ന രംഗം, സുരുളിയുടെ ഹോട്ടലിലെ ആക്ഷൻ രംഗങ്ങൾ, സുരുളിയും പീറ്ററും ശിവദാസും മുഖാമുഖം കാണുന്ന രംഗങ്ങൾ, ചിത്രത്തിൽ ഏറ്റവും സ്റ്റൈലിഷ് ആയി എടുത്തിരിക്കുന്ന ആ ക്ലൈമാക്സ് രംഗങ്ങൾ ഒക്കെയും കാർത്തിക് സുബ്ബരാജിന്റെ പ്രതിഭ അടയാളപ്പെടുത്തുന്നുണ്ട്.. പക്ഷെ കാമ്പുള്ള കഥാപാത്രങ്ങളെ രൂപപ്പെടുത്തുന്നതിലും കഥാപാത്രങ്ങൾ തമ്മിൽ ഉള്ള അന്തർധാര സൃഷ്ടിക്കുന്നതിലും തിരക്കഥാകൃത്തുകൂടി ആയ സംവിധായകൻ പരാജയപ്പെടുന്നുണ്ട് ഇക്കുറി.. വളരെ ഗൗരവം ഉള്ള രാഷ്ട്രീയ ചർച്ചകൾക്ക് ശ്രമിക്കുമ്പോഴും പലപ്പോഴും പ്രാധാന്യം ലഭിക്കുന്നത് സുരുളിയുടെ നിഴലിൽ ഒതുങ്ങി പോകുന്നുണ്ട് ദുർബലമായ എഴുതപെട്ട അത്തരം രംഗങ്ങൾ... രണ്ടേമുക്കാൽ മണിക്കൂറോളം ഉള്ള ചിത്രം പലപ്പോഴും മുഷിപ്പുണ്ടാക്കുന്നത് തിരക്കഥയിലെ കാമ്പില്ലായ്മ ആണ്..

ചിത്രത്തിന്റെ സ്റ്റൈലിഷ് അവതരണം ആണ് ഒരു ശരാശരി അനുഭവം എങ്കിലും സിനിമ കാണുന്ന പ്രേക്ഷകന് നൽകുന്നത്...ചിത്രത്തിന്റെ അവതരണത്തിന് അനുയോജ്യമായ വിഷ്വലുകളും സന്തോഷ് നാരായണന്റെ സംഗീതവും പലപ്പോഴും ചിത്രത്തെ വീണുപോയിടത്തു നിന്നും പിടിച്ചുയർത്താൻ ശ്രമിക്കുന്നുണ്ട്..

ഗയ് റിച്ചിയുടെയും, ടരന്റീനോയുടെയും ഒക്കെ സ്റ്റൈലിഷ് ആക്ഷൻ ചിത്രങ്ങളും കൗ ബോയ് ചിത്രങ്ങളും കണ്ടിട്ടുള്ള പ്രേക്ഷകന്റെ മുൻപിലേക്ക് അത്തരം ഒരു പശ്ചാത്തലത്തിൽ ഒരു സാധാരണ മധുരക്കാരൻ മുണ്ടുമുടുത്ത് വരുന്നതിലെ കൗതുകം ഒന്ന് ആലോചിച്ചു നോക്കൂ.. അതാണ് ജഗമേ തന്തിരത്തിലൂടെ സൃഷ്ടിക്കാൻ കാർത്തിക് സുബ്ബരാജ് ശ്രമിച്ചത്... ചിത്രത്തിൽ ഏറ്റവും സ്റ്റൈലിഷ് ആയി

എടുത്തിരിക്കുന്ന മഞ്ഞിനിടയിൽ ഉള്ള ആക്ഷൻ രംഗങ്ങൾ അത് അടിവരയിടുന്നു.. പക്ഷെ അത് എത്രത്തോളം വിജയിച്ചു എന്ന് കണ്ടറിയണം..

ജഗമേ തന്തിരം എല്ലാ തരം പ്രേക്ഷകരെയും തൃപ്തിപ്പെടുത്തുന്ന ചിത്രം അല്ല....അതുകൊണ്ട് തന്നെ ചിത്രത്തിന് കൈ അടിക്കുന്നവർ തീർച്ചയായും ന്യൂന പക്ഷം ആയിരിക്കും